മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

128 മാരാമൺ കൺവൻഷൻ FEBRUARY 12-19

Published by: Malabar Mar Thoma Syrian Christian Evangelistic Association 2023 ഫെബ്രുവരി 19 ഞായർ

### മാരാമൺ സന്ദേശം – സമാപന ഞായർ– പ്രാരംഭ യോഗം

# നോമ്പ് : പുതുക്കത്തിന്റെയും രൂപാന്തരത്തിന്റെയും കാലം

**ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തയുടെ സന്ദേശത്തിന്റെ പൂർണ്ണരൂപം**



*പ്രാരംഭ യോഗത്തിൽ ഡോ.യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത വചന സന്ദേശം നൽകുന്നു*

അമ്പതു നോമ്പിന്റെ ആരംഭ ദിവസമാണല്ലോ ഇന്ന്. നോമ്പുകാലം കർത്താവായ യേശുക്രിസ്തുവിന്റെ ദൈവ രാജ്യ ശുശ്രൂഷകളെയും, പീഢാനുഭവത്തെയും, കുരിശു മരണത്തെയും കബറടക്കത്തെയും ധ്യാനിക്കുന്നതിനുള്ള അവസരമാണ്. ആ അനുഭവത്തോട് ഏകീഭവിച്ച് രക്ഷയുടെ സന്തോഷത്തിൽ ജീവിക്കുവാൻ വിശ്വാസികളെ ഒരുക്കുകയും ചെയ്യുന്ന അവസരമാണല്ലോ. കർത്താവിന്റെ നാൽപ്പതു ദിവസത്തെ ഉപവാസത്തെയും തുടർന്നുള്ള പത്തു ദിവസത്തെ പീഢാനുഭവത്തെയും ധ്യാനിക്കുന്ന ദിനങ്ങളായി പൗരസ്ത്യ സഭ വലിയ നോമ്പുകാലം ക്രമീകരിച്ചിരിക്കുന്നു. അതിലപ്പുറമായി നോമ്പുകാലം Self Auditing ന്റെ അവസരം കൂടിയാണ്. ഇത് ഒരു ആഘോഷ കാലം. ഉയിർത്തെഴുന്നേൽപ്പിന്റെ ആഘോഷത്തിനുള്ള ഒരുക്ക നാളുകളായിട്ടാണ് സഭ ഇതിനെ കാണുന്നത്. അർത്ഥശൂന്യമായ ആഘോഷമല്ല മറിച്ച് അന്തരാത്മാവിന്റെ അതിജീവന്റെ ആഘോഷമാണ്. ലൗകീക മോഹങ്ങളെ അതിജീവിച്ച് ദൈവീക സംസർഗത്തിൽ ആത്മാവിനെ നയിക്കുന്ന പുനരുത്ഥാനമാണ് നോമ്പ് കാലത്ത് സാധ്യമാകേണ്ടത്. ഉയിർത്തെഴുന്നേൽപ്പിന്റെ ദിനം വരെ നമ്മുടെ ചിന്തകളെ സ്വാധീനിക്കേണ്ടത് സഹനത്തിന്റെ വഴികളിലൂടെയുള്ള കർത്താവിന്റെ യാത്രകളായിരിക്കണം. Jorgan Mottman എന്ന ജർമ്മൻ ദൈവശാസ്ത്രജ്ഞൻ നോമ്പിനെ നന്നായി നിർവ്വചിച്ചിട്ടുണ്ട്. Lent is a time of self examination and repentance as well it is the time to focus on the suffering and death of Jesus as a way to connect with the suffering of the world and to commit to working for Justice and Peace. It is the time to focus on the grace and the promise of new life through the ressurection of Jesus.

അദ്ദേഹം മൂന്ന് കാര്യങ്ങളാണ് പറയാൻ ശ്രമിക്കുന്നത്.

1. ഇത് ആത്മപരിശോധനയ്ക്കും അനുതാപത്തിനുമുള്ള സമയമാണ്.
2. ഇത് കർത്താവിന്റെ സഹനത്തിലും മരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഏകീഭവിക്കുന്നതിനുമുള്ള സമയമാണ്.
3. ഇത് ലോകത്തിന്റെ സഹനത്തോട് താരതമ്യപ്പെടുത്തുവാനും നീതിക്കും സമാധാനത്തിനും വേണ്ടി യത്നിക്കുവാനുമുള്ള സമർപ്പണ സമയമാണ്.

കർത്താവ് ആഗ്രഹിക്കുന്ന നോമ്പ് ഒരു നിശ്ചിത കാലത്തേക്കുള്ളതല്ല. അത് ജീവിത കാലം മുഴുവനും പാലിക്കേണ്ട ആത്മ തപസ്യയയാണ്. യെശയ്യാ പ്രവാചകൻ അതിനെ നന്നായി രേഖപ്പെടുത്തിയിട്ടുമുണ്ട്. അന്യായ ബന്ധനങ്ങളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയ്ക്കുക. നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നത കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും, നിന്റെ മാംസരക്തമായിരിക്കുന്നവർക്ക് നിന്നെ മറക്കാതിരിക്കുന്നതല്ലയോ യഥാർത്ഥ നോമ്പും ഉപവാസവും? (യെശ. 58:5,6,7)

നീതിയുടെയും കരുണയുടെയും കവിഞ്ഞൊഴുക്കിന് വേണ്ടി അനുഷ്ഠിക്കുന്ന ആദ്ധ്യാത്മീക ഒരുക്കമാണ് നോമ്പ്. അത് ശരീരത്തെയും മനസ്സിനെയും നിയന്ത്രിച്ച് നിർത്താനുള്ള കേവലം വ്യക്തിപരമായ ശ്രമം മാത്രമല്ല, പിന്നെയോ അപരനിലേക്ക് ഇറങ്ങിച്ചെല്ലുന്ന സാമൂഹിക പ്രതിബദ്ധതയുള്ള ആത്മീക തപസ്സായി തീരണം. അതിനാൽ അനുതാപവും രൂപാന്തരവും സാമൂഹിക പ്രതിബദ്ധതയുള്ളവരായി തീരുവാൻ ഈ നാളുകളിലെ നോമ്പാചരണം നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇന്നത്തെ ധ്യാനത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന വേദഭാഗം ഇന്ന് ഏവൻഗേലിയോനായി വായിച്ച യോഹന്നാൻ 2 : 1– 13 വരെയുള്ള വാക്യങ്ങളാണ്.

അടയാളങ്ങളുടെ പുസ്തകമെന്നാണ് വിശുദ്ധ യോഹന്നാന്റെ സുവിശേഷം അറിയപ്പെടുന്നത്. കാനാവിലെ കല്യാണം മുതൽ ലാസറിന്റെ ഉയർപ്പ് വരെ കർത്താവ് ചെയ്ത ഏഴ് അടയാളങ്ങളാണ് ഈ സുവിശേഷത്തിലുള്ളത്. എല്ലായിടത്തും അടങ്ങിയിരിക്കുന്ന വിഷയം ക്രിസ്തുവിൽ പുതുജീവൻ എന്ന ചിന്തയാണ്.

കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ ആദ്യ പ്രത്യക്ഷ അടയാളമാണ് കാനാവിലെ കല്യാണത്തിന് വെള്ളം വീഞ്ഞാക്കിയ സംഭവം. ദൈവ മഹത്വം വെളിപ്പെടുത്തുന്ന അവസരമായി ഇതിനെ കണക്കാക്കുന്നു. യേശുവും ശിഷ്യന്മാരും, യേശുവിന്റെ അമ്മ മറിയയും വിവാഹത്തിൽ പങ്കെടുത്തിരുന്നു. ആ വിവാഹ വിരുന്നിലെ വീഞ്ഞിന്റെ അപര്യാപ്തതയാണ് ഈ അടയാളത്തിലേക്ക് നീങ്ങുവാൻ കാരണമായ സാഹചര്യം. ഈ അപര്യാപ്തതയിൽ നിന്നും സമൃദ്ധിയിലേക്കുള്ള യാത്രയിൽ പങ്കെടുക്കുന്നവരുടെ പ്രതികരണങ്ങളാണ്

ഇന്നത്തെ ചിന്തയ്ക്ക് ആധാരമാക്കിയിരിക്കുന്നത്.
ഈ സംഭവത്തിൽ ക്രിസ്തു സാന്നിദ്ധ്യം എത്രമാത്രം തെളിവായി ഉണ്ടായിരിക്കുന്നുവെന്ന് ഓരോ സംഭവവും വെളിവാക്കുന്നു.

**1. യേശു സാന്നിദ്ധ്യം - യേശുവിനെ ക്ഷണിക്കുന്നതിലൂടെ**

കാനാവിലെ കല്യാണ ഭവനത്തിൽ അപമാനകരമായ അനുഭവത്തെ അഭിമാന പര്യവസാനിയമാക്കി തീർത്തത് യേശു സാന്നിദ്ധ്യമാണെന്നതിന് രണ്ടു പക്ഷമില്ല. ദൈവ സാന്നിദ്ധ്യവും / യേശു സാന്നിദ്ധ്യവും നമുക്ക് എത്രമാത്രം യാഥാർത്ഥ്യമാണെന്നത് ഏറെ പ്രസക്തമായ ചോദ്യമാണ്. God is Omnipotent and Omni present ദൈവസാന്നിദ്ധ്യം എല്ലായിടത്തും ലഭ്യമാണ്. ''കണ്ടാലും ഞാൻ വാതിൽക്കൽ നിന്നും മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ അവൻ എന്നോടും



ഞാൻ അവനോടും കൂടെ അത്താഴം കഴിക്കും" (വെളിപ്പാട് 3:20)
"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ മദ്ധ്യേ ഞാനുണ്ടാകും" (മത്തായി 18:20) ഈ വാക്യങ്ങളുടെ അർത്ഥം ഈ പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്.

ഇന്ന് ചുറ്റുമുള്ള പള്ളികളിൽ വിശുദ്ധ കുർബ്ബാന കഴിഞ്ഞ് എല്ലാവരും ഈ പന്തലിൽ കൂടിയിട്ടുണ്ട്. പള്ളി പൂട്ടി വികാരിയും ശുശ്രൂഷകനമൊക്കെ ഇവിടെയുണ്ട്. പള്ളികൾ വിജനം. കോറമില്ലാത്തതു കൊണ്ട് കർത്താവിന്റെ സാന്നിദ്ധ്യം ദൈവാലയത്തിൽ ഇല്ലായെന്നാണോ അർത്ഥം? അതല്ല അതിന്റെ അർത്ഥമെന്ന് വളരെ വ്യക്തം. വാതിൽക്കൽ നിന്നും മുട്ടുന്നു - വാതിൽ തുറന്നാൽ അകത്തു പ്രവേശിക്കും. God is omni present, ദൈവം സർവ്വ വ്യാപിയാണ്. വാതിൽ തുറന്ന് അകത്തോട്ട് പ്രവേശിക്കാൻ ക്ഷണിക്കുന്നതിന് മുമ്പ് തന്നെ ആ സാന്നിദ്ധ്യം അകത്തുണ്ടല്ലോ. പിന്നെ എന്തിന് അകത്തോട്ട് പ്രവേശിക്കുവാൻ ക്ഷണിക്കണം -
"ദൈവം തന്റെ സാന്നിദ്ധ്യം ക്രിസ്തുയേശുവിലൂടെ ലഭ്യമാക്കിയിരിക്കുന്നു. "ദൈവം നമ്മോടു കൂടെ'' എന്ന് അർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ ഇടണം.
(മത്തായി 1: 22)
God has made available His presence. Untill and unless we avail that presence that presence is not a reality to us. What do you mean by invitation - It is an expression of our willingness to have the presence of the other person. ക്ഷണിക്കുകയെന്ന വാക്കിന്റെ അർത്ഥം മറ്റുള്ളവന്റെ സാന്നിദ്ധ്യം എനിക്ക് ലഭ്യമാകണമെന്നുള്ള എന്റെ താത്പര്യം പ്രകടിപ്പിക്കുന്ന ഒന്നാണ്. ഈ അർത്ഥത്തിൽ യേശു സാന്നിദ്ധ്യം എന്റെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമായി തീരണമെന്ന് ആത്മാർത്ഥമായി നാം ആഗ്രഹിക്കുന്നുണ്ടോ? ചിലർ ചോദിക്കും നീ രക്ഷിക്കപ്പെട്ടതാണോ? വീണ്ടും ജനനം പ്രാപിച്ചതാണോ? ചിലർക്കതു കേട്ടില്ലെങ്കിൽ സ്വസ്തത ഇല്ല. ചിലർക്ക് ഈ വാക്കുകൾ പറഞ്ഞില്ലെങ്കിലും മറ്റു ചിലർക്ക് ഈ വക ചോദ്യങ്ങൾ അലർജ്ജിയാണ്. വാക്കുകൾ എന്തായാലും ഈ അനുഭവമാണ് പ്രധാനം.

ദൈവം മനുഷ്യനു നൽകിയ സ്വാതന്ത്ര്യവും ഡിഗ്നിറ്റിയും മാനിക്കുന്നവനാണ്. ഒന്നും ആരുടെ മേലും അടിച്ചേൽപ്പിക്കാൻ താത്പര്യമില്ലാത്തവനാണ്. തമ്പുരാൻ രക്ഷയും സാന്നിദ്ധ്യവും പുത്രനിലൂടെ ലഭ്യമാക്കിയിരിക്കുന്നു. അത് എന്റേതാക്കാനുള്ള ഉത്തരവാദിത്വവും സ്വാതന്ത്ര്യവും എന്റേതാണ്.
ഞാൻ ഇവിടെ നിന്ന് പ്രസംഗിക്കുന്നത് യാഥാർത്ഥ്യമാണെങ്കിൽ നിങ്ങൾ എന്നെ കേൾക്കുന്നത് ഒരു യാഥാർത്ഥ്യമാണെങ്കിൽ അതിനെക്കാൾ നമ്മുടെ ജീവിതത്തിൽ യേശു കർത്താവ് യാഥാർത്ഥ്യമായി തീരണം. സങ്കീർത്തനക്കാരൻ പറയുന്നതു ശ്രദ്ധിക്കുക, കൂരിരുൾ താഴ്‌വരയിൽ കൂടി നടന്നാലും ഞാനൊരനർത്ഥവും ഭയപ്പെടുകയില്ല, നീ എന്നോടു കൂടെ ഇരിക്കുന്നവല്ലോ.
അവനെ നമ്മുടെ ജീവിതത്തിലേക്ക് ക്ഷണിക്കുന്നതിലൂടെയാണ് അത് സാദ്ധ്യമാകുന്നത്. ഇത് ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയാണ്, അടിസ്ഥാന പ്രമാണമാണ്.
ഒരു സംഭവം ഉദ്ധരിക്കുന്നത് സംഗതമാണെന്ന് തോന്നുന്നു.
ഒരു സുവിശേഷകൻ മുടിവെട്ടാൻ ബാർബർ ഷോപ്പിൽ പോയി. മുടിവെട്ടാൻ നേരത്തെ വന്നവർ ഉണ്ടായിരുന്നതു കൊണ്ട് കുറച്ചു നേരം കാത്തിരിക്കേണ്ടി വന്നു. ആ സമയം അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന ഒരു ക്രൈസ്തവ മാസിക വായിച്ചുകൊണ്ടിരുന്നു. അതു കണ്ട ബാർബർ പറഞ്ഞു, ദൈവം ഒന്നും ഇല്ല. ഉണ്ടായിരുന്നെങ്കിൽ ഇന്ന് ലോകത്ത് കണ്ടു കൊണ്ടിരിക്കുന്നതൊന്നും നടക്കില്ലല്ലോ. തനിക്ക് ബുദ്ധി നഷ്ടപ്പെട്ടോ.- സുവിശേഷകൻ ചിരിച്ചു കൊണ്ടിരുന്നു. മുടിവെട്ടും കഴിഞ്ഞ് കുറെ സമയം കഴിഞ്ഞപ്പോൾ താടിയും മുടിയും ഒക്കെ നീട്ടിയ ഒരുവനുമായി ബാർബർഷോപ്പിൽ വന്നു - ഉറക്കെ പറയുകയാണ് - ഇവിടെ ഒരു ബാർബർ ഉണ്ടോ? ബാർബർക്ക് ദേഷ്യം വന്നു. താനല്ലേ മുടി വെട്ടി ഇവിടെ നിന്നും ഇപ്പോൾ പോയത്. വീണ്ടും ഉപദേശി ചോദ്യം ആവർത്തിച്ചു. ബാർബറിന് ദേഷ്യം വന്നു. ഉപദേശി പ്രതിവചിച്ചു. ഇവിടെ ഒരു ബാർബർ ഉണ്ടായിരുന്നുവെങ്കിൽ ഇതുപോലെ താടിയും, മുടിയും നീട്ടിയ ഒരു മനുഷ്യൻ ഉണ്ടാകുമായിരുന്നുവോ? ബാർബറുടെ മറുപടി - ഇയാൾ എന്റെ മുന്നിൽ തല കുനിക്കാത്തിടത്തോളം എനിക്ക് എന്തു ചെയ്യുവാനൊക്കും? യേശുവിന് വേണ്ടി നാം ജീവിതത്തിന്റെ വാതിൽ തുറക്കണം. അവനെ നമിക്കണം. ഇതുവരെയും യേശുകർത്താവിനെ ക്ഷണിച്ചിട്ടില്ലെങ്കിൽ, ഭവനത്തിലേക്ക് ക്ഷണിച്ചിട്ടില്ലെങ്കിൽ, പ്രിയ സ്നേഹിതരെ ആത്മാർത്ഥമായി തമ്പുരാനോട് അപേക്ഷിക്കണം. യേശുവെ.. എനിക്ക്, എന്റെ ഭവനത്തിന് നിന്നെ വേണം..

**2. യേശു സാന്നിദ്ധ്യം പ്രതിസന്ധികളിൽ -**

ആ ഭവനം വലിയ ക്രൈസിസ് അനുഭവിക്കുന്നു, വീഞ്ഞ് തീർന്നു പോയിരിക്കുന്നു. ജീവിതം സുഖ - ദുഃഖ സമ്മിശ്രമാണ്. ദുഃഖം മാത്രമുള്ള ജീവിതവും സുഖം മാത്രമുള്ള ജീവിതവും വെറും സ്വപ്നം മാത്രമാണ്. സന്തോഷത്തിന്റെ കൂട്ടായ്മയായ കാനാവിലെ കല്യാണ വീട്ടിൽ പെട്ടന്നാണ് ഒരു പ്രതിസന്ധി ഉടലെടുക്കുന്നത്. ഒരിക്കലും സ്വപ്നത്തിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു പ്രതിസന്ധി. പ്രതിസന്ധിയില്ലാത്ത ഒരു ജീവിതത്തെയാണ് നമുക്കേവർക്കും താത്പര്യം. അതാണ് ഏറെ ആളുകൾ അന്വേഷിക്കുന്നത്. അതുകൊണ്ട് തന്നെ ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ഒരു അനുഭവമാണിത്. ചിലരെങ്കിലും ചോദിച്ചിട്ടുണ്ട്. Where is God in the time of crisis?

യേശു സാന്നിദ്ധ്യം അവനെ ക്ഷണിച്ചതിലൂടെ ആ ഭവനത്തിൽ യാഥാർത്ഥ്യമായിരുന്നു. അപ്പോഴാണ് ആ ഭവനത്തിൽ പ്രശ്നം ആരംഭിക്കുന്നത്. വീഞ്ഞ് തീർന്നുപോയിരിക്കുന്നു. Crisis is not the absence of the Christ. ചില ചാനലുകളിലൂടെ സാധാരണ കിട്ടുന്ന മെസ്സേജ് ഇതാണ്. യേശുവുള്ള കുടുംബവും വ്യക്തിയും പ്രശ്ന രഹിതമാണ്. സകലവും ശുഭം. രോഗമുണ്ടാകില്ല, സാമ്പത്തിക ക്ലേശമുണ്ടാകില്ല, കടം വാങ്ങേണ്ടി വരില്ല, കടം കൊടുക്കുകയേയുള്ളു എന്നു തുടങ്ങി സകലവും സ്വസ്തം.
ഇത് പുതിയ നിയമ ചിന്തകൾക്ക് യോജിച്ചതല്ല. കർത്താവിനോടു കൂടെ ആയിരിക്കുന്നവർക്ക് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരില്ലെന്ന് തമ്പുരാൻ വാക്കു തന്നിട്ടില്ല.. ഭക്തിയും ആത്മീയതയും പ്രതിസന്ധികളെ വേലികെട്ടി നിർത്താനുള്ളതല്ല. കർത്താവിനെ പിൻപറ്റാൻ ശ്രമിക്കുന്ന ശിഷ്യരോട് സ്ഥാനമാനങ്ങൾ പ്രതീക്ഷിച്ച് പിൻപറ്റാൻ ശ്രമിക്കുന്ന ശിഷ്യരോട്, തമ്പുരാൻ പറഞ്ഞത് ഇതല്ലേ!
കാക്കയെ നോക്ക്, കുറുനരിയെ നോക്ക്, കൂടുണ്ട്, മാളമുണ്ട്, മനുഷ്യ പുത്രനോ തല ചായ്പ്പാൻ ഇടമില്ല - കർത്താവ് പറയുന്നു. I have nothing to promise except the Cross. ആരെങ്കിലും എന്നെ പിൻപറ്റുവാൻ താത്പര്യപ്പെടുന്നുവെങ്കിൽ , തന്നെത്താൻ ത്യജിച്ച് കുരിശ് എടുത്ത് എന്നെ അനുഗമിക്കട്ടെ.
കുരിശിന്റെ വഴിയിൽ യാത്ര ചെയ്യാനാണ് കർത്താവ് ക്ഷണിക്കുന്നത്. എന്നാൽ കർത്താവ് നമുക്ക് തരുന്ന വാഗ്ദാനം എന്താണ്? തമ്പുരാനോടു കൂടെ സകല പ്രതിസന്ധിക്കും പ്രതിവിധിയുണ്ട്. There is a way out with the Lord, what ever may be the problem. Cast your burden upon me, I will take care of it. കർത്താവിനോടു കൂടി സകല പ്രശ്നത്തിനും പരിഹാരമുണ്ട്. അതിന് സകലവും അവന്റെ കയ്യിൽ ഭരമേൽപ്പിക്കണമെന്നുമാത്രം.

### 3. ക്രിസ്തു സാന്നിദ്ധ്യം പ്രതികരണങ്ങളിൽ

ഈ പ്രതിസന്ധിയുടെ നടുവിലാണ് യേശുവിന്റെ അമ്മ പ്രത്യക്ഷപ്പെടുന്നത്. യഹൂദന്മാരുടെ വിവാഹത്തിലെ ഏറ്റവും പ്രധാന വിഭവമാണ് വീഞ്ഞ്. വിവാഹത്തിന് വരുന്നവരെ മാന്യമായി സത്ക്കരിച്ചയക്കുകയെന്നത് ക്ഷണിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. വീഞ്ഞിന്റെ കുറവ് ആ ഭവനത്തിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി ഊഹിക്കാവുന്നതേയുള്ളു. ആതിഥേയർ അപമാനിതരാകും. ഇങ്ങനെയൊരു കുറവ് മണവാളനോ, വിരുന്നുവാഴിയോ ശ്രദ്ധിക്കുന്നതായി കാണുന്നില്ല. എന്നാൽ ആൾക്കൂട്ടത്തിലൊരാൾ യേശുവിന്റെ അമ്മ പതറാതെ നിൽക്കുന്നതായി കാണുന്നു.

മറിയ അവനോട് അവർക്ക് വീഞ്ഞില്ല എന്ന് പറഞ്ഞു. മറിയയുടെ മനോഭാവം ശ്രദ്ധിക്കേണ്ടതുണ്ട്. മറിയയുടെ കണ്ണ് എല്ലായിടത്തും എത്തിയെന്നതാണ് വാസ്തവം. നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിൽ അപമാനകരമായ ജീവിതാനുഭവങ്ങളിലൂടെ കടന്നു പോകുന്നവർ ഏറെയാണ്. വീഞ്ഞു തീർന്നു പോകുന്ന അനുഭവത്തിലൂടെ കടന്നു പോകുന്നവരെ നാം കാണാറുണ്ടോ? Are we sensitive to the Surroundings? ഒരു അതിഥി എന്നതിൽ അപ്പുറം മറിയ ആ ഭവനത്തിൽ ആരുമല്ല. എന്നാൽ അപമാനകരമായ അനുഭവം സ്വന്തം ഭാരമായി കാണാൻ സാധിച്ചുവെന്നതാണ് മറിയയെ വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയാക്കുന്നത്. ആ ഭവനാവസ്ഥ അമ്മയെ ഏറെ അസ്വസ്ഥയാക്കുന്നു. അമ്മ നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി വേറെ എന്താണ്? അപരന്റെ വേദന, അപമാനം, സ്വന്തം വേദനയായും അപമാനവുമായും കാണാനുള്ള വ്യക്തിത്വത്തിന്റെ പ്രഭ.
ഒരു പക്ഷെ ആ അമ്മയുടെ സ്ഥാനത്ത് ഞാൻ ആയിരുന്നെങ്കിലോ? അതൊരു സെലിബ്രേഷന്റെ അവസരമായി മാറ്റിയേനേ ! - വീഞ്ഞു തീർന്നുപോയി എന്ന് രണ്ടു പേരോട് പറഞ്ഞില്ലെങ്കിൽ സ്വസ്ഥതയുണ്ടോ? ഉം....അറിഞ്ഞോ, വീഞ്ഞു തീർന്നുപോയി- ഇതാണ് സാധാരണ നമ്മുടെ expression . ഇത് നേരിട്ടോ ഫോൺ ചെയ്തോ പറഞ്ഞില്ലെങ്കിൽ ഒരു സ്വസ്ഥതയുമില്ല. എന്നാൽ ഈ വീഞ്ഞു തീർന്നുപോകുന്ന അനുഭവം ആർക്കും എപ്പോഴും ഉണ്ടാകാം. ആരാണ് ഇടറിപ്പോകാത്തത്. ആർക്കാണ് വീഴ്ച പറ്റാത്തത്? ഇങ്ങനെയുള്ള ജീവിതാനുഭവങ്ങളിലൂടെ ചുറ്റുമുള്ളവർ കടന്നുപോകുമ്പോൾ അതൊരു ആഘോഷമാക്കാതെ വിശുദ്ധ മറിയാമിന്റെ ശൈലിയാണ് കരണീയമായിട്ടുള്ളത്.
ഇതുതന്നെയല്ലേ കർത്താവിന്റെ മനോഭാവവും. അപമാനിക്കപ്പെടുന്നവരെ ചേർത്തുനിർത്തുന്ന, കരുണയുടെ ദൃശ്യങ്ങൾ കർത്താവിന്റെ ശുശ്രൂഷയിൽ തുടരെ കാണാം. യോഹന്നാൻ 8 ൽ അപഥസഞ്ചാരത്തിൽ പിടിക്കപ്പെട്ടു അപമാനിതയായ സ്ത്രീയെ രോഷാകുലരായ ജനക്കൂട്ടത്തിൽ നിന്ന് രക്ഷിച്ച് ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്ന സംഭവവും തള്ളപ്പെട്ടവനെ ചേർത്തുനിർത്തുന്നതിന്റെ മറ്റൊരു വശം മാത്രം. ശമര്യാക്കാരന്റെ കഥയും ഇതുതന്നെയല്ലേ നമ്മെ ഓർമ്മിപ്പിക്കുന്നത്.
അപമാനിതരിൽ തന്റെ കരുണയുടെ കരങ്ങൾ നീട്ടുന്ന തമ്പുരാനെ നമുക്കിവിടെ കാണാം. അന്യന്റെ ദുഃഖവും സുഖവും സ്വന്തമെന്ന് കരുതുവാനുള്ള മനസ്സാണ് ആവശ്യം. താൻ സൃഷ്ടിച്ച മനുഷ്യന്റെ അന്തസ്സ് ഇടിഞ്ഞു പോകുന്നതു കാണുവാൻ ആഗ്രഹമില്ലാത്ത കർത്താവ് തന്റെ ഉയിരും ഉണ്മയും നിറഞ്ഞ മനുഷ്യൻ അപമാനിതനാകുവാൻ ആഗ്രഹമില്ലാത്ത ദൈവസാന്നിദ്ധ്യം ഇവിടെ ദൃശ്യമാണ്. അപമാനിതനെ ചേർത്തുപിടിക്കുക- മനുഷ്യാന്തസിനെ ബഹുമാനിക്കുക അതാണ് അഭികാമ്യമായ നോമ്പ്. ഇത് കാലഘട്ടത്തിന്റെ വെല്ലുവിളിയാണ്. മറ്റുള്ളവരുടെ അപമാനത്തിൽ സന്തോഷം കണ്ടെത്തുകയും, അപമാനിക്കപ്പെടുമ്പോൾ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നത് വികലതയാണ്. ഈ തലമുറയോട് തമ്പുരാനു ഓർമ്മിപ്പിക്കാനുള്ളതും ഇതുതന്നെയാണ്. Social media കളോടും തമ്പുരാന് ഓർമ്മിപ്പിക്കുവാനുള്ളതും ഇതുതന്നെയാണ്. അപരന്റെ വേദന, അപമാനം, സ്വന്തം വേദനയും അപമാനമായും കാണുക.

### 4. ക്രിസ്തുസാന്നിദ്ധ്യം കുരിശിന്റെ പാതയിൽ യാത്രചെയ്യാനുള്ള ക്ഷണം.


യേശുവിന്റെ അമ്മ ആ ഭവനാന്തരീക്ഷം യേശുവിനെ അറിയിക്കുന്നു.
മറിയ യേശുവിനോട് പറഞ്ഞു. അവർക്ക് വീഞ്ഞില്ല. യേശു പറഞ്ഞു സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല. യേശു അവർ തമ്മിലുള്ള ബന്ധത്തിനുമപ്പുറം വിശാലവും വിദൂരവുമായ ദൗത്യത്തെയാണ് ഓർമ്മപ്പെടുത്തുക. അതിനു കൊടുത്ത പേരാണ് നാഴിക. നാഴികയെക്കുറിച്ചുള്ള ആദ്യ പരാമർശമാണിത്. അത് എല്ലാ അടയാളങ്ങളുടെയും പൂർണ്ണതയാണ്. അത് കുരിശാണ്. അത് ഉത്ഥാനമാണ്. കുരിശിനകത്തെ ഉയിർത്തെഴുന്നേൽപ്പും ഉയിർത്തെഴുന്നേൽപ്പിനകത്തെ കുരിശും സഹനവുമാണ് ആ നാഴിക. പെട്ടെന്നുള്ള ആവശ്യങ്ങളോടുള്ള പ്രതികരണം പോലും നാഴിക എന്ന വിശാലമായ അർത്ഥത്തിൽ കാണണം എന്നാണ് കർത്താവ് അമ്മയോട് ആവശ്യപ്പെടുന്നത്. Walter Breggman നോമ്പിനെ കാണുന്നത് - പുതിയ വീക്ഷണകോണിൽക്കൂടെ ലോകത്തെ ദർശിക്കുവാനുള്ള കാരണമായിട്ടാണ്. പുതിയ സാദ്ധ്യതകളെയും മാർഗ്ഗങ്ങളെയും അനുഭവിക്കുവാനുള്ള ആഹ്വാനമാണിത്. നമ്മുടെ സാങ്കല്പിക ലോകത്തെ വ്യതിയാനപ്പെടുത്തുന്നതിനുള്ള അന്വേഷണം കൂടിയാണിത്. മുൻധാരണകൾക്കും വിശ്വാസങ്ങൾക്കും കാതലായ വ്യതിയാനം വരുത്തുവാനുള്ള ക്ഷണമാണിത്. അമ്മയോടും കർത്താവ് ആവശ്യപ്പെടുന്നത് ഇതുതന്നെയാണ്. കുരിശിന്റെ വഴികളിൽ പരമമായി തീരേണ്ടുന്ന ആ നാഴികയെക്കുറിച്ചുള്ള ദർശനം ഒരിക്കലും മങ്ങിപ്പോകരുത്.
ഒരുപക്ഷെ അതിനുശേഷം ആ അമ്മയുടെ ധ്യാനം മുഴുവൻ ഈ ചിന്താധാരയിലായിരുന്നിരിക്കാം. അതാകാം കുരിശിന്റെ ചുവട്ടിലും ആ അമ്മ നിന്നതിന്റെ കാരണം. പിന്നെ തുടർന്നുള്ള യാത്ര എല്ലാം തന്നെ ഒരു തപസ്യ പോലെയാണ് മുന്നോട്ടുപോകുന്നത്. ധാരണകളുടെ തിരുത്തലുകളിൽക്കൂടി യേശുവിന്റെ കുരിശിന്റെ ചുവട്ടിൽ നിൽക്കുവാൻ പ്രാപ്തയായതിന്റെ കാരണം- കർത്താവിന്റെ നാഴികയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ നിരന്തരം ധ്യാനിച്ചതുകൊണ്ടാകാം. കുരിശിന്റെ അരികെ നിന്നു കർത്താവിനെ യാത്രയാക്കാൻ സാധിച്ചത് അതുകൊണ്ടാകാം. മുൻ ധാരണകളെ തിരുത്തി കുരിശിന്റെ വഴി

യിൽക്കൂടി യാത്രചെയ്യുന്നതിനുള്ള ക്ഷണമാണ് നോമ്പ്.

**5. അമ്മയുടെ പ്രതികരണം**

അമ്മ മകനോട് പറയുന്നു. മകനേ വീഞ്ഞു തീർന്നുപോയി. നീ എന്തെങ്കിലും ചെയ്തേ മതിയാകൂ. സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? ഈ മറുപടി നിരാശാജനകമാണ്. നമ്മളാണെങ്കിൽ മക്കളുടെ പിന്നാലെ നടന്നേനെ. നാഴിക വന്നിട്ടില്ല, മോനെ, ചെയ്യെടാ, പഠിക്കെടാ, മുടിവെട്ടെടാ, നിർബന്ധിക്കും- വീർപ്പുമുട്ടിക്കും. എന്നാൽ മറുപടി നിഷേധാത്മകമായിട്ടും മറിയ അവിടെ നിന്നും അപ്രത്യക്ഷയാകുന്നു. എന്നാൽ ജോലിക്കാരോട് പറയുന്നു അവൻ എന്തെങ്കിലും നിങ്ങളോട് കല്പിച്ചാൽ അത് ചെയ്യുവീൻ. എന്ത് പറയും എന്ന് അമ്മയ്ക്ക് അറിയില്ല. എന്നാൽ വേണ്ടത് ചെയ്യും എന്ന് അമ്മയ്ക്ക് തിട്ടമാണ്. പിന്നെ അമ്മയെ കാണാനില്ല. നമ്മളാണെങ്കിൽ 10 പ്രാവശ്യം ജോലിക്കാരോട് ചോദിച്ചേനെ,യേശു എന്തെങ്കിലും പറഞ്ഞോ എന്ന്.

എന്തുകൊണ്ടാണ് യേശുവിന്റെ അമ്മ അങ്ങനെ ചെയ്തത്. എല്ലാവരും പറയാറുണ്ട് അമ്മയ്ക്ക് മകനിൽ വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണ് എന്ന്. വിശ്വാസം എന്നതിനേക്കാൾ എനിക്ക് പറയാനിഷ്ടം അമ്മയ്ക്ക് മകനെ നന്നായി അറിയാമായിരുന്നു. അവർ പ്രസവിച്ച മകനല്ലേ, അവർ വളർത്തിയ മകനല്ലേ, വേണ്ടത് കൃത്യസമയത്ത് ചെയ്യുമെന്ന് അവർക്ക് നല്ല തിട്ടമായിരുന്നു. പൗലോസ് അപ്പോസ്തലനും ഇതു തന്നെയല്ലെ പറയുന്നത്. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു, അവനെന്റെ ഉപനിധി, അവസാനത്തോളം കാക്കാൻ ശക്തനെന്ന് ഉറച്ചുമിരിക്കുന്നു. പൗലോസ് അപ്പോസ്തലനൊടൊപ്പം പറയാൻ നമുക്ക് സാധിക്കുമോ? യേശുവിനെ എനിക്കറിയാം- തമ്പുരാന്റെ ഹൃദയം അറിയാം, യേശുവിനെക്കുറിച്ച് ഒരുപാട് അറിയാം. യേശുവിനെ അറിയാമോ എന്നതാണ് പ്രസക്തമായ ചോദ്യം. ഇതു കുറെക്കൂടി ഉന്നതമായ ആത്മീയ അനുഭവമാണ്. നവീകരണ കാലഘട്ടത്തിൽ ഈ സഭയിലെ നൂറു ശതമാനം ആളുകളും അനുഭവത്തിലൂടെ പ്രഖ്യാപിക്കുമായിരുന്നു - ഞങ്ങൾക്ക് വേണ്ടി ജീവൻ നൽകിയ യേശുകർത്താവിനെ അറിയാം. പൗലോസിനെപ്പോലെ പറയുമായിരുന്നു, അവസാനത്തോളം കാക്കുവാൻ ശക്തനെന്ന് ഉറച്ചിരിക്കുന്നുവെന്ന്. ഈ ഉന്നതമായ ആത്മീയ അനുഭവത്തിലേക്ക് കൈപിടിച്ചു നടത്തുന്നതാകണം ഈ നോമ്പുകാലം. യേശു




കർത്താവിനെ ആഴത്തിലറിഞ്ഞതു കൊണ്ടാണല്ലോ പൗലോസ് അപ്പോസ്തലൻ പറയുന്നത്. അഭിമാനിക്കാൻ ഏറെയുണ്ടെങ്കിലും യേശുവിന്റെ സ്നേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ സകലവും ചപ്പും ചവറുമെന്ന് എണ്ണുന്നുവെന്ന്.

ഈ അനുഭവം കൈമുതലായി ഉള്ളതുകൊണ്ടാണ് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ കണ്ണെത്താത്ത ദൂരത്തിലേക്ക് കടന്നു ചെന്നത്. സീഹോറ, സത്ന, നേപ്പാൾ തുടങ്ങിയ ഇടങ്ങളിലേക്ക് - ഇന്ന് അവിടങ്ങളിൽ സന്യസ്തരുടെ എണ്ണം ഏറെ കുറവാണ്. എന്തുകൊണ്ട് എന്ന് ഉറക്കെ ചോദിക്കേണ്ട സമയം അതിക്രമിച്ചു.

ഗർഭിണിയായ ഒരു മാതാവ് വർഷങ്ങൾക്ക് മുമ്പ് ഈ കൺവൻഷൻ പന്തലിൽ ഇരുന്ന് പ്രാർത്ഥിച്ചു. ഈ ഗർഭസ്ഥ ശിശു നിനക്കുള്ളവനാണ് - പ്രായമായപ്പോൾ, കർത്താവിനെ അനുഭവിച്ചറിഞ്ഞപ്പോൾ, വിദ്യാസമ്പന്നനായി കഴിഞ്ഞപ്പോൾ ഇറങ്ങിപ്പുറപ്പെട്ടു. കർത്താവിന്റെ വേലക്കാരനായി, ഉപദേശിയായി, മുക്കുവരോടൊപ്പം മിൻ പിടുത്തക്കാരനായി, ചുമട്ടു തൊഴിലാളിക്കൊപ്പം ചുമട്ടു തൊഴിലാളിയായി... എന്തുകിട്ടുമെന്ന് ചോദിച്ചില്ല. അനുഭവിച്ചറിഞ്ഞ കർത്താവിന് വേണ്ടി ജീവിക്കുന്നതിനെക്കാൾ എന്തു ഭാഗ്യം. ഞാൻ ആരെക്കുറിച്ചാണ് പറയുന്നതെന്ന് മനസ്സിലായിക്കാണും - ഭാഗ്യ സ്മരണീയനായ ക്രിസോസ്റ്റം തിരുമേനിയെക്കുറിച്ചാണ്. ഇത് ഇന്ന് എന്നിലും നിങ്ങളിലും സാധ്യമാകുമോ?

ഞാൻ ആരെ വിശ്വസിക്കുന്നുവെന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി. അവസാനത്തോളം കാക്കുവാൻ ശക്തനെന്ന് ഉറച്ചിരിക്കുന്നു. ജീവിച്ചാലും മരിച്ചാലും ഞാൻ യേശുവിനുള്ളത്. എല്ലാത്തിനെക്കാളും അപ്പുറം ഞാൻ തമ്പുരാനെ സ്നേഹിക്കുന്നുവെന്ന് ഹൃദയത്തിന്റെ ആഴത്തിൽ നിന്നും പ്രഖ്യാപിക്കാൻ സാധിക്കുന്നവരുടെ എണ്ണം കുറഞ്ഞതു കൊണ്ടല്ലേ എല്ലാം മറന്ന് കർത്താവിനു വേണ്ടി ഇറങ്ങിപ്പുറപ്പെടാൻ ആളുകളെ കിട്ടാത്തത്.

ആഴത്തിൽ തമ്പുരാനെ അറിയണം. തലമുറകൾക്ക് ഈ അനുഭവം പകരണം. ഈ വലിയ അനുഭവത്തിൽ വളരുവാൻ ഈ നോമ്പുകാലത്തെ ധ്യാനവും ഉപവാസവും ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. അപ്പോഴാണ് ജീവിച്ചാലും മരിച്ചാലും യേശുവിന് വേണ്ടി. എന്തു കിട്ടുമെന്നതിനെക്കാൾ അപ്പുറമായി എന്റെ തമ്പുരാന് എന്തു നൽകാനാകുമെന്ന് പറയാൻ എനിക്ക് സാധിക്കുക.

**6. ക്രിസ്തുസാന്നിദ്ധ്യം അവഗണിക്കുന്നവർ : വിരുന്നു വാഴിയുടെ പ്രതികരണം**

ശുദ്ധീകരണത്തിനായി ക്രമീകരിച്ചിരിക്കുന്ന കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ യേശു ജോലിക്കാരോട് ആവശ്യപ്പെടുന്നു. കോരി നിറച്ച ജലം രുചിച്ചു നോക്കുവാൻ, വിളമ്പാൻ, വിരുന്നു വാഴിയെ ആണ് കർത്താവ് ഏൽപ്പിക്കുന്നത്. സാധാരണ അത്ഭുത പ്രവർത്തികൾ നടക്കുമ്പോൾ കർത്താവ് എന്തെങ്കിലും സംസാരിക്കാറുണ്ട്. അല്ലെങ്കിൽ എന്തെങ്കിലും പ്രവൃത്തി ചെയ്യാറുണ്ട്. ഇവിടെ വാക്കും പ്രവൃത്തിയും പ്രകടമല്ല. പ്രത്യേകിച്ച് ഒന്നും ചെയ്യാതെ കോരിയെടുത്ത വെള്ളം വിളമ്പുവാൻ അവരുടെ പക്കൽ ഏൽപ്പിക്കുകയാണ്. ഇപ്പോൾ കൊണ്ടുപോയി വിരുന്നുവാഴിക്ക് കൊടുപ്പീൻ. എപ്പോഴാണ് ഈ വെള്ളത്തിന് രൂപാന്തരം സംഭവിച്ചത്. യോഹന്നാൻ ഒന്നും പറയുന്നില്ല. കർത്താവിന്റെ സാന്നിദ്ധ്യം മാത്രമാണ് അത്ഭുത പ്രവർത്തിയുടെ അടിസ്ഥാനം.

പ്രകടനമൊന്നുമില്ലാതെ തന്റെ സാന്നിദ്ധ്യം കൊണ്ട് മാത്രം സംഭവിക്കുന്ന ഏക അത്ഭുതം ഇതു മാത്രമാണ്. വെള്ളം അതിന്റെ സൃഷ്ടാവിന്റെ ഹിതം തിരിച്ചറിഞ്ഞു. ഒരു വാക്കുപോലും കൽപ്പിക്കാതെയുള്ള രൂപാന്തരം. ഇതുപോലെ ഒരു സംഭവം കൂടി സുവിശേഷങ്ങളിൽ രേഖപ്പെടുത്തുന്നുണ്ട്. തള്ളിപ്പറഞ്ഞ പത്രോസിനെ കർത്താവ് തിരിഞ്ഞു നോക്കി, അവൻ പൊട്ടിക്കരഞ്ഞു. പത്രോസിന്റെ രൂപാന്തരത്തിന്റെ നാൾവഴിയിൽ ചേർക്കപ്പെട്ട സംഭവമാണിത്. യേശുവിന്റെ രൂപാന്തരപ്പെടുത്തുവാനുള്ള കഴിവിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയുന്ന ദൈവസാന്നിദ്ധ്യത്തിന്റെ ദർശനമാണിത്. കാനായിലെ കല്യാണം അതിന്റെ ഉദ്ഘാടന ദിനമായിരുന്നു. തുടർന്നുള്ള അദ്ധ്യായങ്ങളിൽ ഇതിനെ അടിവരയിടുന്നു.

നിക്കോദിമോസും ശമര്യക്കാരി സ്ത്രീയും അപഥ സഞ്ചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും, ഏറ്റവും ഒടുവിൽ പത്രോസും എല്ലാം തുടർച്ചയായി വരുന്നു. രൂപാന്തരപ്പെടുത്തുന്ന ക്രിസ്തുവിന്റെ സാന്നിദ്ധ്യം തിരിച്ചറിയുന്നവരുടെ ലിസ്റ്റിൽ യേശുവിനെ അനുഭവിച്ചറിയുന്നവർക്ക് മാത്രമെ ലോകത്തിന് രൂപാന്തരം വരുത്തുവാൻ സാധിക്കു.

വിരുന്നുവാഴി രുചി നോക്കിയപ്പോഴത്തെ പ്രതികരണം രസകരമാണ്. പതിവുകളുടെ വിപരീതമാണ് അവിടെ സംഭവിക്കുന്നത്. മേത്തരം വീഞ്ഞ് ആദ്യം വിളമ്പുകയും ഗുണനിലവാരം കുറഞ്ഞത് പിന്നീട് വിളമ്പുകയും ചെയ്യുന്ന പതിവാണ്

അവിടെ നിലനിന്നിരുന്നത്. ആ പതിവ് വ്യത്യാസപ്പെടുകയാണ്. ഇവിടെ ഗുണത്തിൽ ഉന്നത നിലവാരം പുലർത്തുന്ന വീഞ്ഞാണ് അവസാനം നൽകുന്നത്.

വിരുന്നുവാഴിയുടെ വിസ്മയം പ്രതികരണത്തിൽ കാണാം. നല്ലത് അവസാനം വരെ സൂക്ഷിച്ചത് എന്തിന്? എല്ലാത്തിനും കാലാന്തരത്തിൽ dilution സംഭവിക്കും. കാലം കഴിയുന്തോറും ലഹരി കുറയും.




വീഞ്ഞിനെക്കുറിച്ചല്ല ഞാൻ പറയാൻ ശ്രമിക്കുന്നത്.

ലഹരി കെടുന്ന ദാമ്പത്യം, ലഹരി കെടുന്ന പൗരോഹിത്യം, ലഹരി കെടുന്ന സാഹോദര്യം, ലഹരി കെടുന്ന അയൽപക്കബന്ധം... എല്ലാം ഇന്നിന്റെ വലിയ പ്രശ്നമാണ്. ഈ ലഹരി അവസാനം വരെ മേന്മയുള്ളതാക്കി തീർക്കുക എന്നതാണ് കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്.

നന്മകെട്ടുപോകാതെ സൂക്ഷിക്കുവാൻ സാധിക്കുന്നത് കർത്താവിനോടുള്ള ബന്ധത്തിലാണ്. തമ്പുരാനോടൊപ്പമുള്ള ജീവിതത്തിന്റെ സന്തോഷവും സംതൃപ്തിയും ഉത്തരോത്തരം വർദ്ധിക്കുമെന്നാണ് ഈ സംഭവം ഓർമ്മിപ്പിക്കുന്നത്.

വിരുന്നുവാഴി മണവാളനെ വിളിച്ചു ചോദിക്കുന്നു. നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വെച്ചത് എന്ത്? വീഞ്ഞു തീർന്നുപോയി എന്ന് വിരുന്ന് വാഴിക്ക് അറിയാം. എന്നാൽ ഇതിനിടെ എന്തു സംഭവിച്ചുവെന്ന് അറിയില്ല. വെള്ളം കോരിയ ജോലിക്കാർക്ക് അറിയാം, ശിഷ്യർക്കും അറിയാം. അറിഞ്ഞവർ അവനിൽ വിശ്വസിക്കുന്നു. ശിഷ്യന്മാർ അവനിൽ വിശ്വസിച്ചുവെന്ന് പറഞ്ഞാണ് ഈ വേദഭാഗം അവസാനിപ്പിക്കുന്നത്. വെള്ളം വീഞ്ഞായതുകൊണ്ട് മാത്രമാണോ അവർ കർത്താവിൽ വിശ്വസിച്ചത്? അതോ തങ്ങളെ നയിക്കുന്നവനിൽ അവർ കണ്ട സവിശേഷതകളാണോ അവരെ വിശ്വാസത്തിലേക്ക് നയിച്ചത്.

അപരന്റെ ആവശ്യങ്ങളിൽ അവർ പോലും അറിയാതെ ഇടപെടുന്ന മനുഷ്യസ്നേഹിയെ യേശുവിൽ അവർ കണ്ടു. മനുഷ്യ അന്തസ്സിനെ മാനിക്കുന്ന ഉത്തമ മനുഷ്യനെ അവർ കണ്ടു. അപമാനിതമാകുന്ന അവസരങ്ങളിൽ ചേർത്തു പിടിക്കുന്ന കർത്താവിനെ അവർ കണ്ടു. വേദനിക്കുന്നവന്റെ ജീവിതത്തിൽ അവർ അറിയാതെ ഒന്നും പ്രതീക്ഷിക്കാതെ ഇടപെടുന്ന ദൈവത്തെ അവർ കണ്ടു. അവസാനത്തെ ആളിനു വേണ്ടി അത്യുത്തമമായത് കരുതി വെയ്ക്കുന്ന കലവറക്കാരനെ അവർ കണ്ടു. കേവല സാന്നിദ്ധ്യം കൊണ്ട് വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നവനെ അവർ കണ്ടു. അത് അവരുടെ നേതാവാണ് - യേശു കർത്താവാണ് - ലോക രക്ഷകനാണ്- ദൈവമാണ്.

എന്നാൽ വിരുന്നുവാഴി ഈ രൂപാന്തരത്തിന്റെ ഉറവിടം എവിടെയെന്ന് അന്വേഷിച്ചില്ല. വലിയ നഷ്ടത്തിലേക്കല്ലേ ഇത് നയിച്ചത്.

യോഹന്നാൻ 21: 7-ാം വാക്യത്തിൽ യോഹന്നാൻ പത്രോസിനോട് പറയുന്നു:- അത് കർത്താവാണ്. യേശുവിന്റെ വാക്ക് കേട്ട് വലയിറക്കിയപ്പോൾ പെരുത്ത മീൻ ലഭ്യമായതാണ് പശ്ചാത്തലം - യോഹന്നാൻ പറയുന്നത് അത് കർത്താവാണ്. അനുഗ്രഹങ്ങൾക്കും, അത്ഭുതങ്ങൾക്കും പിന്നിൽ കർത്താവാണെന്ന് പറയാൻ സാധിക്കുന്നിയിടത്താണ് ജീവിതം അർത്ഥവത്താകുന്നത്.

യേശുവിൽ ദൈവത്തിന്റെ തേജസ്സ് കാണാൻ സാധിക്കണം. ആ ദിവ്യ തേജസ്സിന്റെ മുമ്പിൽ (In the presence of awesome and mighty God) അന്തം വിട്ട് നിൽക്കാനല്ലാതെ എന്തെങ്കിലും സാധിക്കുമോ? വലിയ രൂപാന്തരത്തിന് മുഖാന്തിരമായ യേശുവിനെ കണ്ടിരുന്നെങ്കിൽ വിരുന്നുവാഴി അവന്റെ മുമ്പിൽ നെടുമ്പാട് വീണേനേ.

തഴപ്പായ് നിവർത്താൻ ശ്രമിക്കുന്ന ഒരു കുഞ്ഞിനെക്കുറിച്ച് ഒരു കഥയുണ്ട്. കുഞ്ഞ് തഴപ്പായ് നിവർത്താനുള്ള ശ്രമത്തിലാണ്. ഒരറ്റം നിവർത്തി മറ്റേ അറ്റത്തേക്ക് എത്തുമ്പോൾ പായ് പിറകെ ഉണ്ട്. വീണ്ടും നിവർത്താൻ ശ്രമിക്കുകയാണ്. പായ് പിറകെയും. ഏറെ നേരമായി കുഞ്ഞ് ശ്രമത്തിലാണ്. അപ്പോഴാണ് അത് അമ്മയുടെ ശ്രദ്ധയിൽപ്പെട്ടത്. അമ്മ ഒരു കാൽ പായുടെ അറ്റത്ത് ചവിട്ടി, ഇപ്പോൾ പായ് നിവർന്നു. എന്തോ നേടിയെടുത്തതു പോലെ കുഞ്ഞ് കൈകൊട്ടി. പാവം കുഞ്ഞ് അറിയുന്നുണ്ടോ അമ്മ ചവിട്ടിപ്പിടിച്ചതു കൊണ്ടാണ പായ നിവർന്നതെന്ന്.

മനുഷ്യൻ ഇന്ന് അഹങ്കാരത്തിന്റെ കൂടാണ്. എല്ലാം ഞാനാണ് നിയന്ത്രിക്കുന്നത്- സഭ എന്റെ തലയിൽകൂടിയാണ് ഓടുന്നത്. ഞാനാണ് എല്ലാം ഭരിക്കുന്നത്...സകലതും എന്റെ കഴിവു കൊണ്ടാണ്.... അതെ വിരുന്നുവാഴിയുടെ ചിന്തയാണ് നമ്മെ ഭരിക്കുന്നത്... ഞാൻ ഇല്ലായിരുന്നുവെങ്കിൽ!!

എന്നാൽ ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ആരൂഢനായി - മാലാഖമാർ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ആർത്തുപാടി സ്തുതിക്കുന്നവനായ - സകലത്തെയും സൃഷ്ടിച്ചവനായ ദൈവം പുത്രനിലൂടെ സകലത്തെയും വീണ്ടെടുത്ത കർത്താവ്, സകലത്തെയും നിയന്ത്രിക്കുന്നവനായ വലിയവനും ഭയങ്കരനുമായ ദൈവത്തെ, ദേവാധിദേവനും കർത്താധികർത്താവുമായ മഹാദൈവത്തെ കാണുവാൻ സാധിച്ചിരുന്നുവെങ്കിൽ നമ്മുടെ അഹങ്കാരത്തിന്റെ മുടിയും, ഞാൻ എന്നുള്ള ഭാവത്തിന്റെ ചെങ്കോലും, താൻപോരിമയെന്ന കിരീടവും എല്ലാം, എല്ലാം തൃപ്പാദങ്ങളിൽ സമർപ്പിച്ചേനേ....

യേശുവിനെ ക്ഷണിക്കുന്നതിലൂടെ തമ്പുരാനോടുള്ള സജീവ ബന്ധം പുതുക്കുന്നതിനുള്ള അവസരമാകട്ടെ ഈ നോമ്പ് കാലം. മറ്റുള്ളവന്റെ വേദനയും അപമാനവും സ്വന്തം വേദനയായും, അപമാനവുമായി കാണാനുള്ള അവസരമാകട്ടെ ഈ നോമ്പുകാലം.

അതിലപ്പുറം ഉള്ളതെല്ലാം ദൈവത്തിന്റെ ദാനമെന്നും ഞാൻ ആയിരിക്കുന്നത് തമ്പുരാന്റെ കൃപയാലെന്നും ഉറയ്ക്കാനുള്ള അവസരമായിരുന്നെങ്കിൽ എത്ര നന്നായേനേ..

പ്രതിസന്ധികളെ യേശുകർത്താവിനൊപ്പം അഭിമുഖീകരിക്കാനും, അതിജീവിക്കാനുമുള്ള അവസരമാകട്ടെ.... കർത്താവിനെ ആഴത്തിൽ അറിയുന്നതിലൂടെ ജീവിച്ചാലും മരിച്ചാലും ഞാനും എനിക്കുള്ളതും, എന്റെ കർത്താവിന് വേണ്ടിയുള്ളത് എന്ന് പറഞ്ഞ് സകലവും തൃപ്പാദങ്ങളിൽ സമർപ്പിക്കുന്ന അവസരമാകട്ടെ ഈ നോമ്പുകാലം.

സമാപന സമ്മേളനം :
വചനശുശ്രൂഷ

# നാം സത്യവിശ്വാസത്തിന്റെ പ്രഘോഷകർ

## ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത



*ഡോ.ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത സമാപന യോഗത്തിൽ*

ഈ ലോകത്തിൽ നമ്മൾ എല്ലാവരും യാത്രികരാണ്. സത്യം തേടിയുള്ള യാത്രയാണ് മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം. യേശുക്രിസ്തു ഞാനാണ് സത്യമെന്ന് ശങ്കയേതുമില്ലാതെ പ്രസ്താവിക്കുന്നുണ്ട്. ഈ സത്യത്തെ തേടിയുള്ള യാത്രയിലാണ് നമ്മൾ. ഇരുട്ട് ലോകത്ത് നിന്നും മാറ്റുവാൻ പരിശ്രമിച്ചു. യേശു ക്രിസ്തു ഗുരുവെന്നാണ് സ്വയം അഭിസംബോധന ചെയ്യുന്നത്. സത്യാന്വേഷകരായ നമ്മൾ ഈ ഗുരു സന്നിധിയിലേക്ക് എത്തപ്പെടണം. എന്നാൽ സ്വന്തം സാദൃശ്യത്തിൽ ഗുരുവിനെ, ദൈവങ്ങളെ സൃഷ്ടിക്കുവാൻ വ്യഗ്രത കാട്ടുവാൻ ശ്രമിക്കുന്ന വികലമായ ലോകത്താണ് നമ്മൾ ജീവിക്കുന്നത്. അതുകൊണ്ട് അതിരും തീരവും ഇല്ലാത്ത മഹാ സത്തായ ദൈവത്തെ തിരിച്ചറിയുവാൻ സാധിക്കണം.

ഗുരുവിനെ അറിയുന്നതാണ് യഥാർത്ഥ മതവും വിശ്വാസവും. യവനായ ചിന്താധാരയിലും ഇപ്രകാരം ഗുരുവിനെ തേടിയുള്ള അന്വേഷണങ്ങൾ കാണുവാൻ കഴിയും. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായ ഗുരു സങ്കൽപ്പം യേശു ക്രിസ്തു ഇവിടെ അവതരിപ്പിക്കുന്നു. കുതിരക്ക് പകരം കഴുതമേൽ ഏറിയ രാജാവ് ബദൽ സുവിശേഷ വായനകൾ നൽകുന്നു. മരണത്തോടു കൂടി ജീവിതം അവസാനിക്കുന്നയിടത്ത് മരണത്തോടെ ജീവന്റെ അനുഭവങ്ങൾ സാധ്യമാക്കിയ ഗുരുവായി യേശുക്രിസ്തു മാറുന്നു. ലാസറിനെ ഉയിർപ്പിക്കുന്നത് വഴി ജീവന്റെ സത്യത്തെ ക്രിസ്തു ഈ സത്യത്തെ യവനായനായി സമൂഹത്തെ പഠിപ്പിക്കുന്നു. ആരാണ് യേശുവെന്ന ചോദ്യം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. അതിനുള്ള ഉത്തരം യുക്തികളുടെയും അറിവിന്റെയും തലങ്ങളിൽ മാത്രം മനനം ചെയ്യുന്ന ഒന്നല്ല. പിന്നെയോ അത് പരിശുദ്ധാത്മ പ്രേരണയാൽ വെളിവാക്കേണ്ടതാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ മുഖാമുഖം ദർശിക്കാതെ വിശ്വസിക്കുകയില്ലെന്ന് പ്രഖ്യാപിച്ച തോമസിനെ യേശു യഥാസ്ഥാനപ്പെടുത്തുന്നതിൽ തന്റെ മുറിവുകളിലൂടെയാണ് ആ മുറിവുകളിലൂടെ ഉയിർപ്പിന്റെ കൃപയെ മനസ്സിലാക്കി തന്റെ വിശ്വാസം വിശുദ്ധ തോമസ് പ്രഖ്യാപിക്കുന്നു. ഉയിർപ്പിന്റെ സന്ദേശം ക്രിസ്തു ജീവിക്കുന്നുവെന്നുള്ളതാണ്.

പ്രാർത്ഥനയാണ് യഥാർത്ഥ ശക്തി. പ്രാർത്ഥനകൾ കുറയുന്നത് ലോകത്ത് പ്രാർത്ഥനയിൽ ശക്തി കണ്ടെത്തുവാൻ നമുക്ക് സാധിക്കണം. കുടുംബങ്ങളിൽ പ്രാർത്ഥനകൾ ഉണ്ടാകണം. ആ പ്രാർത്ഥന നമ്മുടെ അനുദിന യാത്രയിൽ കരുത്തായി കൂടെയിരിക്കണം. സത്യാന്വേഷണ യാത്രകളിൽ പ്രാർത്ഥനയുടെ കരുത്തുമായി സുവിശേഷ തീക്ഷ്ണതയോടെ മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ

സമാപന സന്ദേശം

# ദൈവീക ദൗത്യങ്ങൾ പൂർത്തീകരിക്കേണ്ട പുറപ്പാടുകൾ

## ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത



128-ാമത് മാരാമൺ കൺവൻഷനിലൂടെ ജീവിത അനുഭവങ്ങളിൽ ദൈവീക ബോദ്ധ്യത്തിലൂടെ ജീവിതം ക്രമീകരിക്കേണ്ടതിന് ആവശ്യമായ ആഹ്വാനങ്ങൾ നമുക്ക് ലഭിച്ചു. ക്രിസ്തു കേന്ദ്രീകൃത ജീവിത ശൈലിക്കായി ദൈവം നമ്മോട് ആവശ്യപ്പെടുന്നു.

ക്രിസ്തുവിലുള്ള പൂർണ്ണ ആളത്വത്തിലേക്ക് നമ്മൾ വളരണം. ആഹ്വാനങ്ങൾ അനുദിന ജീവിതത്തെ ക്രമപ്പെടുത്തുവാൻ സഹായകമായി തീരണം.

ഭാഷാ അടിസ്ഥാനത്തിൽ നടത്തപ്പെട്ട യോഗങ്ങൾ നമ്മുടെ സഭയുടെ തനിമയെയും സ്വത്വത്തെയും തിരിച്ചറിയുവാൻ സഹായകരമായിരുന്നു. അവരുടെ സമർപ്പണത്തിന്റെയും വിശ്വാസത്തിന്റെയും പ്രഖ്യാപനങ്ങളായി ഈ യോഗങ്ങൾ രൂപപ്പെട്ടു. കർമ്മ നിരതരായ നമ്മൾ ദൈനംദിന ജീവിത വ്യവഹാരങ്ങളിലേക്ക് നമ്മൾ കടക്കുമ്പോൾ പുതുജീവത ശൈലിക്ക് നമ്മൾ രൂപം നൽകണം.

ലഹരി ഉപയോഗത്തെനെതിരെ നമ്മൾ ശക്തമായ സന്ദേശം കൈക്കൊള്ളണം. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ആർജ്ജവത്തോടെ നാം പങ്കുകാരാകണം. പ്രണയ ബന്ധങ്ങളിൽ ഉടലെടുക്കുന്ന പകയുടെ ശൈലി ഇല്ലാതാക്കുവാൻ നമ്മൾ ശ്രമിക്കണം. ആദരവും കരുത്തും സ്നേഹത്തിന്റെ ഊഷ്മളത നൽകും.

പിതാവാം ദൈവമെ എന്റെ രാജ്യത്തെ എന്റെ ജീവിതത്തെ നയിക്കണമെ എന്ന പ്രാർത്ഥന നമ്മളിൽ നിരന്തരം ഉരുവിടപ്പെടേണ്ടുന്ന പ്രാർത്ഥനയായിരിക്കണം. അതിനായി നമ്മെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു.